No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

## <u>2017-ലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള സ്പോട്ട് അലോട്ട്മെന്റ്</u>

2017-ലെ ബി.എസ്.സി നഴ്സിംഗ് കോഴ്സിലെയും പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലെയും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **<u>2017 നവംബർ 4 (ശനിയാഴ്ച) രാവിലെ 11–ന് തിരുവനന്തപുരം, വഴുതക്കാട് ഗവ: വിമൻസ് കോളേജ് കാമ്പസിലുള്ള ന്യൂ ആഡിറ്റോറിയത്തിൽ</u>** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. സർക്കാർ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളും, സി–മെറ്റിനു കീഴിൽ വരുന്ന സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെയും മറ്റ് സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളായ കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം കോളേജ് ഓഫ് നഴ്സിംഗ്, മലബാർ കാൻസർ സെന്റർ, കണ്ണൂർ എന്നിവിടങ്ങളിലേയും ഒഴിവുള്ള സർക്കാർ സീറ്റുകളും ഈ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ 09.11.2017 വൈകുന്നേരം 5 മണിയ്ക്കകം ബന്ധപ്പെട്ട കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

**<u>സ്പോട്ട് അലോട്ട്മെന്റിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ</u>**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **03.11.2017 ഉച്ചയ്ക്ക് 1** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **'B.Sc Nursing & Paramedical 2017-Candidate Portal'** എന്ന ലിങ്ക് വഴി ലോഗ്–ഇൻ ചെയ്ത് **'Spot Allotment Registration'/'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ്'**/'ഡാറ്റാ ഷീറ്റ്' ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പും ഡാറ്റാ ഷീറ്റും സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

പ്രോസ്പെക്ടസ് ക്ലോസ് 9.8 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അലോട്ട്മെന്റ് ഓരോ കോളേജിലും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായാണ് നടത്തുന്നത്.

(ii) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ബി.എസ്.സി നഴ്സിംഗ്/പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

(iii) 11.08.2017 ലെ സ.ഉ(സാധാ)നം. 2260/2017/ആ.കു.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ ഇതിനോടകം പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുപ്പിക്കുന്നതല്ല.

(iv) ഒരു കോഴ്സിന് ഒരേ തരം കോളേജുകൾ തമ്മിൽ മാറ്റം അനുവദിക്കുന്നതല്ല.

(v) രണ്ട് വ്യത്യസ്ത കോഴ്സുകൾ തമ്മിൽ മാറ്റം അനുവദിക്കുന്നതാണ്.

(vi) നിലവിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിലൂടെ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ ഒഴിവാക്കപ്പെടുന്ന സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(vii) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(viii) ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്നവർ പ്രസ്തുത കോളേജിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ലായെന്ന് കാണിക്കുന്ന നിരാക്ഷേപ പത്രം (NOC) സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(ix) ബി.എസ്.സി നഴ്സിംഗ്/പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5000/– രൂപയുടെ (എസ്.സി/എസ്.റ്റി/ഒ.ഇ.സി വിദ്യാർത്ഥികൾ 1000/– രൂപയുടെ) ഡിമാന്റ് ഡ്രാഫ്റ്റ് അപ്പോൾ തന്നെ സമർപ്പിക്കേണ്ടതാണ്.

(x) സ്പോട്ട് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന അലോട്ട്മെന്റ് റദ്ദാക്കാൻ അനുവദിക്കുന്നതല്ല.

**കുറിപ്പ്: സ്പോട്ട് അലോട്ട്മെന്റിന് ശേഷം നിശ്ചിത സമയത്തിനകം കോളേജിൽ ഹാജരായി പ്രവേശനം നേടാത്ത/വിടുതൽ നേടുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 13 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. ഇവർക്ക് ക്ലോസ് 12.7 പ്രകാരം അടച്ച ഫീസ് തിരികെ ലഭിക്കാനും അർഹതയില്ല.**

**ഓരോ കോഴ്സിലെയും ഒഴിവുള്ള സീറ്റുകളുടെ വിവരം, ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ** **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
01.11.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**